പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2226 18.12.2012 -ലെ മറുപടി

സ്പെയർ പാർട്ട്സിന്റെ ദൗർലഭ്യം കാരണം സർവ്വീസ് മുടങ്ങുന്നു

ചോദ്യം

ശ്രീ. കെ.രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്പെയർപാർട്ട്സുകളുടെ ക്ഷാമംമൂലം കെ.എസ്.ആർ.ടി.സി.യുടെ ബസുകൾ കട്ടപ്പുറത്താണെന്നും അതു കാരണം സർവ്വീസുകൾ വ്യാപകമായി മുടങ്ങുന്നതു മായുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | 10.12.2012-ലെ കണക്കുപ്രകാരം 641 (10.3%) ബസ്സുകൾ മാത്രമാണ് അറ്റകുറ്റ പണികൾക്കായി ഗ്യാരേജിൽ പിടിച്ചിട്ടിട്ടുള്ളത്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനും, റിപ്പയർ ജോലികൾക്കുമായി 10%-ത്തോളം ബസ്സുകൾ ദിവസേന ഡോക്ക് ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ സ്പെയർ പാർട്സുകളുടെ അഭാവം മൂലം വ്യാപകമായി സർവ്വീസ്സുകൾ മുടങ്ങുന്നില്ല. |
| (ബി) | എങ്കിൽ ഇപ്രകാരം സ്പെയർ പാർട്ട്സുകൾ കുറവുവരാനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം സ്പെയർ പാർട്സുകൾ ആവശ്യത്തിന് സ്റ്റോക്ക് ചെയ്യുവാൻ കഴിയുന്നില്ല. ഏകദേശം മൂന്ന് മാസത്തേക്ക് ആവശ്യമായ സ്പെയർ പാർട്സ് സ്റ്റോക്ക് ചെയ്താൽ മാത്രമേ കൃത്യമായി ഡോക്ക് ചെയ്യപ്പെടുന്ന വാഹനങ്ങൾക്ക് സ്പെയർ പാർട്സ് ഉപയോഗിക്കാൻ കഴിയൂ. |
| (സി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | കുറവുള്ള സ്പെയർ പാർട്സ് കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ